**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിക്കുന്ന പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; അംശാദായമായി എത്ര രൂപയാണ് ഈടാക്കുന്നതെന്നും ഈയിനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള കർഷക ക്ഷേമനിധി ബോർഡിൽ 18337 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15049 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. ഈ ഇനത്തിൽ നാളിതുവരെ അംശദായമായി 2,29,83,383/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | കർഷക ക്ഷേമനിധി ബോർഡിൽ നിന്നും നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നതെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്ട് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തിയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും, പെൻഷനും നല്കാറായിട്ടില്ല. പെൻഷന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും നിരക്ക് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ? | (സി) | 2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമ നിധി ബോർഡിന് നാളിതു വരെ സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.<br><br>2020-21 1 കോടി രൂപ<br><br>2021-22 1.10 കോടി രൂപ<br><br>2022-23 1 കോടി രൂപ<br><br>2023-24 1 കോടി രൂപ<br><br>മേൽ പറഞ്ഞ തുകകളുടെ ഇനം തിരിച്ച് ചെലവഴിച്ച 2020-21, 2021-22, 2022-23 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷാടിസ്ഥാനത്തിലുള്ള ആഡിറ്റ് ചെയ്ത കണക്കുകളുടെ പത്രിക യഥാക്രമം അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

ഭരണ ചെലവ്

**2020-21**

| | |
|---|---|
| ജീവനക്കാരുടെ വേതനം & ബത്തകൾ | 9,94,173 |
| ദിവസ വേതനം | 1,70,125 |
| മൂലധന ചെലവ് | 11,66,030.10 |
| പ്രിന്റിംഗ്, സ്റ്റേഷനറി & ഫോട്ടോസ്റ്റാറ്റ് | 23,422 |
| പോസ്റ്റേജ് & കൊറിയർ ചെലവുകൾ | 31,246 |
| ഇലക്ട്രിഫിക്കേഷൻ ജോലികൾ | 83,873.22 |
| എസി സ്ഥാപിക്കൽ | 41,248.08 |
| ടെലഫോൺ & ഇന്റർനെറ്റ് ചാർജ്ജസ് | 33,585.16 |
| യാത്രാ ബത്ത & സിറ്റിംഗ് ഫീ | 44,556 |
| യാത്രാ ചെലവ് | 28,146 |
| കരാർ വാഹനം | 1,47,198 |
| ഉദ്ഘാടന ചിലവുകൾ | 22,940 |
| വാഹന വാടക | 2,735 |
| മീറ്റിംഗ് ചെലവുകൾ | 19,324 |
| റിപ്പയർ & മൈന്റെനെൻസ് | 4,500 |
| റൂം വാടക | 26,899 |
| കമ്പ്യൂട്ടർ വാടക | 1,964 |
| പെയിന്റിംഗ് ജോലികൾ | 49,711.04 |
| മറ്റ് ചെലവുകൾ | 4,251 |
| **ആകെ** | **28,95,926.6** |

## അനുബന്ധം-2

**ഭരണ ചെലവ്**

**2021-22**

| | |
|---|---|
| ജീവനക്കാരുടെ വേതനം & ബത്തകൾ | 82,88,708 |
| ദിവസ വേതനം | 9,51,925 |
| മൂലധന ചെലവ് | 17,84,994.83 |
| ടെലഫോൺ & ഇന്റർനെറ്റ് ചാർജ്ജസ് | 44,253 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 48,723 |
| പരസ്യ ചെലവുകൾ | 1,40,240 |
| ഡിസൈനിങ് ചെലവുകൾ | 10,000 |
| TDS മേലുള്ള പലിശ | 1,500 |
| ഓഫീസ് ചെലവുകൾ | 65,106 |
| വാടക | 98,560 |
| സോഫ്റ്റ്‌വെയർ സെക്യൂരിറ്റി ആഡിറ്റ് | 1,01,480 |
| യാത്രാ ബത്ത & സിറ്റിംഗ് ഫീ | 99,062 |
| യാത്രാ ചെലവ് | 31,175 |
| കരാർ വാഹനം | 5,48,927 |
| ഇലക്ട്രിസിറ്റി ചാർജ്സ് | 4,560 |
| ഹയർ ചാർജ്സ് | 21,578 |
| മീറ്റിംഗ് ചെലവുകൾ | 38,690 |
| റിപ്പയർ & മെയിന്റനൻസ് | 32,955 |
| റൂം വാടക | 21,660 |
| കമ്പ്യൂട്ടർ വാടക | 9,752 |
| TDS ഫയലിംഗ് ഫീസ് | 3,560 |
| മറ്റ് ചെലവുകൾ | 9,341 |
| **ആകെ** | **1,23,56,749.83** |

**അനുബന്ധം-3**

ഭരണ ചെലവ്

**2022-23**

| | |
|---|---|
| ജീവനക്കാരുടെ വേതനം & ബത്തകൾ | 82,71,421 |
| ദിവസ വേതനം | 10,72,283 |
| മൂലധന ചെലവ് | 3,19,978 |
| ടെലഫോൺ & ഇന്റർനെറ്റ് ചാർജ്ജസ് | 13,269 |
| ആഡിറ്റ് ഫീസ് | 23,600 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 38,866 |
| AMC | 58,101 |
| എക്സിബിഷൻ ചെലവുകൾ | 36,598 |
| ഇലക്ട്രിസിറ്റി ചാർജ്സ് | 21,000 |
| ജില്ലാതല രജിസ്ട്രേഷൻ പരിപാടി | 20,000 |
| വാടക | 1,16,480 |
| പേ റിവിഷൻ അരിയർ | 70,112 |
| യാത്രാ ബത്ത & സിറ്റിംഗ് ഫീ | 2,18,688 |
| യാത്രാ ചെലവ് | 95,702 |
| കരാർ വാഹനം | 6,05,404 |
| ഉദ്യോഗസ്ഥരുടെ പെൻഷൻ കോണ്ട്രിബൂഷൻ | 12,16,452 |
| മീറ്റിംഗ് ചെലവുകൾ | 41,459 |
| റിപ്പയർ & മെയിന്റനെൻസ് | 710 |
| റൂം വാടക | 5,200 |
| TDS ഫയലിംഗ് ഫീസ് | 4,194 |
| മറ്റ് ചെലവുകൾ | 16,954 |
| **ആകെ** | **1,22,66,471** |